

WEDNESDAY 22/01/2025 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor: Nizam S A** **Editor: Dr. Binu Harriet Ivan**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/01/2025

1. കാർഷിക മേഖലയിൽ ചെലവ് കുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (കാർഷിക യന്ത്രവൽക്കരണ ഉപ പദ്ധതി - SMAM). ഈ പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും, വിളവെടുപ്പാനന്തര, സംസ്കരണ, മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഇതനുസരിച്ച് വ്യക്തിഗത ഗുണഭോക്താക്കൾക്ക് 40% മുതൽ 60% വരെയും കർഷകരുടെ കൂട്ടായ്മകൾ, SHG കൾ, FPO കൾ, വ്യക്തികൾ, പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ (കസ്റ്റം ഹയറിംഗ് സെൻ്ററുകൾ) സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 40% സാമ്പത്തിക സഹായവും, യന്ത്രവൽക്കരണ തോത് കുറവായ പ്രദേശങ്ങളിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപയുടെ പദ്ധതിക്ക് പരമാവധി 80% എന്ന നിരക്കിൽ 8 ലക്ഷം രൂപയും സാമ്പത്തിക സഹായം അനുവദിക്കുന്നു. 2024-2025 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈനായി 15/01/2025 മുതൽ http://agrimachinery.nic.in/index എന്ന വെബ് സൈറ്റ് മുഖേന നൽകാവുന്നതാണ്. പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റൻ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ, 0471-2306748, 0477-2266084, 0495-2725354 എന്നീ ഫോൺ നമ്പറുകളിലോ, smamkerala@gmail.com എന്ന ഇ മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

2. MPEDA-NETFISH നടപ്പിലാക്കുന്ന, പട്ടികജാതി/ പട്ടിക വർഗ മത്സ്യത്തൊഴിലാളികൾക്കും ബോട്ട് ഉടമകൾക്കും മത്സ്യസംഭരണത്തിനായി ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ വാങ്ങുന്നതിന് 75% സാമ്പത്തിക സഹായം നൽകുന്നു. ഒരാൾക്ക് പരമാവധി രണ്ട് ബോക്സുകൾ സബ്സിഡി നിരക്കിൽ ലഭിക്കും. അപേക്ഷ, എസ് സി/എസ് ടി സർട്ടിഫിക്കറ്റ്, മത്സ്യബന്ധന യാനത്തിൻ്റെ ആർസി ആൻ്റ് ലൈസൻസ്, ഇൻസുലേറ്റഡ് ഫിഷ് ബോക്സ്സ് വാങ്ങിയതിന്റെ ജിഎസ്ടി ബിൽ, ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക് കോപ്പി എന്നീ രേഖകൾ ആവശ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയ്യതി ജനുവരി 24. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ ഫോമിനുമായി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുമായോ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുമായോ, മത്സ്യഭവൻ ഓഫീസുമായോ ബന്ധപ്പെടുക.

3. ഔഷധ, സുഗന്ധസസ്യങ്ങളുടെ കൃഷി രീതികളിൽ സിഎംഎഫ്ആർഐ ക്ക് കീഴിലുള്ള എറണാകുളം ജില്ലയിലെ കൃഷി വിജ്ഞാന കേന്ദ്രം (കെവികെ) പരിശീലനം നൽകുന്നു. ജനുവരി 23 പെരുമ്പാവൂരിലെ രായമംഗലം പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ വെച്ചാണ് ഏകദിന പരിശീലനം. ദേശീയ അരോമ മിഷന്റെ കീഴിൽ സിഎസ്ഐആർ- സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിസിനൽ ആൻഡ് ആരോമാറ്റിക് പ്ലാന്റ്സ് ബംഗളൂരു സ്റ്റേഷനുമായി സഹകരിച്ചാണ് പരിപാടി. ജില്ലയിൽ ഇഞ്ചിപ്പുൽ കൃഷി യുടെ പുനരുജ്ജീവനം ലക്ഷ്യമിട്ടാണ് കർഷകരെ പരിശീ ലിപ്പിക്കുന്നത്. ഇഞ്ചിപ്പുൽ കൃഷിയിലെ ആധുനിക രീ തികളും സാങ്കേതികവിദ്യക ളും പ്രദർശിപ്പിക്കും. ഈ കൃഷിയുടെ വികസനത്തിനായി അനുയോജ്യരായ കർഷക സംഘങ്ങളെ കണ്ടെ ത്തുന്നതിനും ലക്ഷ്യമുണ്ട്. പങ്കെടുക്കാൻ താൽപര്യമുള്ള കർഷകർക്ക് സൗ ജന്യമായി രജിസ്റ്റർ ചെയ്യാം. ഫോൺ- 8590941255.

4. തിരുവനന്തപുരം ജില്ലയിൽ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യവിത്ത് ഫാമുകൾ/ഹാച്ചറികൾ, അക്വേറിയം ഷോപ്പുകൾ എന്നിവയുടെ ലൈസൻസ് പുതുക്കുന്നതിന്

ജനുവരി 25 ന മുൻപ് അപേക്ഷിക്കേണ്ടതാണ്. അപേക്ഷകൾ അയക്കേണ്ട വിലാസം: ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, മണക്കാട്, പി.ഒ, കമലേശ്വരം, തിരുവനന്തപുരം. ഫോൺ: 0471-2450773, 2464076.

## പരിശീലന പരിപാടി

5. സുഭിക്ഷ കേരളം, ജനകീയ മത്സ്യകൃഷി 2024-25 പദ്ധതിയിലെ വിവിധ ഘടക പദ്ധതികളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. തലശ്ശേരി, കണ്ണൂർ, മാടായി, അഴീക്കോട് മത്സ്യ ഭവനുകളിൽ അപേക്ഷകൾ ലഭിക്കും. ഇന്ന് (ജനുവരി 22 ന്) വൈകുന്നേരം അഞ്ച് മണിവരെ അപേക്ഷകൾ സ്വീകരിക്കും. ഫോൺ : 0497 2731081.

6. തിരുവനന്തപുരം വെള്ളായണി കാർഷിക കോളജിലെ പോസ്റ്റ്ഹാർവെസ്റ്റ് മാനേജ്മെന്റ് വിഭാഗത്തിൽ വച്ച് "**പഴം - പച്ചക്കറി സംസ്കരണം**" എന്ന വിഷയത്തിൽ ഒരു ഏക ദിന പരിശീലന പരിപാടി ജനുവരി 23 വ്യാഴാഴ്ച, നടത്തുന്നു. പരിശീലന ഫീസ് 500/- രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന പരമാവധി 25 പേർക്കാണ് പ്രവേശനം നൽകുന്നത്. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 9995766982 എന്ന നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. ക്ഷീര വികസന വകുപ്പിൻ്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ജനുവരി മാസം 24, 25 തീയതികളിൽ "ശുദ്ധമായ പാലുൽപ്പാദനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിൻ്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 2025 ജനുവരി 23 - തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911 മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം. പി.ഒ., തിരുവനന്തപുരം –695004 Email ID:principaldtctvm@gmail.com

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം